# നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസ്, കൊല്ലം - ശ്രീ.നിസ്സാമുദ്ദീൻ - എ.എസ്.വട്ടക്കാവിൽ പുത്തൻവീട്-ന് ഈ ആഫീസിൽ നിന്നും അനുവദിച്ചു നൽകിയിരുന്ന ഇ-8365/18/EA -2556/KLM നമ്പർ എഞ്ചിനിയർ -എ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇ-1789/18 കൊല്ലം, തീയതി ; 30/1/2019

പരാമർശം :- 1. 14/5/18-ൽ ഈ ആഫീസിൽ ലഭ്യമായ കത്ത്.
2. ഈ ആഫീസിലെ 19/6/18, 19/9/18 എന്നീ തീയതികളിലെ ഇ-1789/19 നമ്പർ കത്ത്.
3. കേരള യൂണിവേഴ്സിറ്റിയുടെ 22/10/18-ലെ EE11G/2018 നമ്പർ കത്ത്.
4; ഈ ആഫീസിലെ 22/11/18-ലെ ഇ-1789/18 നമ്പർ കത്ത്.
5. ശ്രീ.നിസ്സാറുദ്ദീൻ.എ.എ.സ് എഴുതി നൽകിയ 30/11/18-ലെ വിശദീകരണം.

## ഉ ത്ത ര വ്

1999-ലെ കെ.എം.ബി.ആർ. പ്രകാരം കെട്ടിടനിർമ്മാണ പ്ളാൻ വരയ്ക്കുന്നതിന് ശ്രീ.നിസാമുദ്ദീൻ.എ.എസ്. വട്ടക്കാവിൽ പുത്തൻവീട് , മാങ്കോട്.പി.ഒ, കലഞ്ഞൂർ, കൊല്ലം എന്നയാൾ ഇ-8365/18/ EA 2556/ KLM നമ്പരിൽ ഈ ആഫീസിൽ നിന്നും എഞ്ചിനിയർ എ രജിസ്ട്രേഷൻ 12/2/18-ൽ നേരിയിരുന്നു. ടി രജിസ്ട്രേഷൻ ലഭിക്കുന്നതിന് ഈ ആഫീസിൽ ടിയാൻ സമർപ്പിച്ചിരുന്ന B.Tech സർട്ടിഫിക്കറ്റ് വ്യാജമായി നേടിയിട്ടുള്ളതാണെന്ന് കാണിച്ച് പരാമർശം 1 പ്രകാരം ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റിൻെറ നിജസ്ഥിതി അറിയുന്നതിന് ടിയാൻ പരിശോധനാ വേളയിൽ ഹാജരാക്കിയ ഒറിജിനൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കേരള യൂണിവേഴ്സിറ്റിയ്ക്ക് പരാമർശം 2 പ്രകാരം അയയ്ക്കുകയുണ്ടായി. ആയതിനുള്ള മറുപടിയായി യൂണിവേഴ്സിറ്റിയിൽ നിന്നും ലഭ്യമാക്കിയ 3-ാം പരാമർശിത കത്തിൽ ശ്രീ.നിസാമുദ്ദീൻ.എ.എസ്. എന്ന വ്യക്തി ഹാജരാക്കിയിരുന്ന B.Tech സർട്ടിഫിക്കറ്റ് യൂണിവേഴ്സിറ്റി റെക്കാർഡ് പരിശോധിച്ചതിൽ യഥാർത്ഥമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റിന്റെ പുനഃപരിശോധനയ്ക്കായി നേരിട്ട് ഹാജരാക്കുന്നതിന് പരാമർശം 4 പ്രകാരം ശ്രീ.നിസ്സാമുദ്ദീൻ.എ.എസ്.ന് അറിയിപ്പ് നൽകുകയും ടിയാൻ 30/11/18ൽ ഹാജരാകുകയും ചെയ്തിരുന്നു. സർട്ടിഫിക്കറ്റ് പുനഃപരിശോധനാ

വേളയിൽ ടിയാൻ Cochin University of Science and Technology-ലാണ് പഠിച്ചതെന്നും പരീക്ഷയിൽ ഒരു വിഷയം പാസ്സാകാതിരുന്നതിനാൽ ഒരു ഏജൻസി മുഖേനയാണ് കേരള യൂണിവേഴ്സിറ്റിയുടെ B.Tech സർട്ടിഫിക്കറ്റ് നേടിയതെന്നും ടിയാൻ സമ്മതിയ്ക്കുകയും ആയത് ടിയാൻ പരാമർശം 5 പ്രകാരം എഴുതി നൽകിയ വിശദീകരണത്തിലും സമ്മതിച്ചിട്ടുണ്ട്.

മേൽ പ്രകാരം ശ്രീ.നിസ്സാമുദ്ദീൻ.എ.എസ് തെറ്റായ വിവരങ്ങളും, കൃത്രിമ രേഖയും ഹാജരാക്കി ആഫീസിനെ തെറ്റിദ്ധരിപ്പിച്ചാണ് എഞ്ചിനിയർ-എ രജിസ്ട്രേഷൻ നേടിയിട്ടുളളതെന്ന് തെളിഞ്ഞിട്ടുളള സാഹചര്യത്തിൽ കെ.എം.ബി.ആർ. 1999 റൂൾ 154(8) ഉപചട്ടം(7)പ്രകാരം ശ്രീ.നിസ്സാമുദ്ദീൻ.എ.എസ്.ന്റെ ഇ-8365/18/ EA 2556/ KLM നമ്പർ എഞ്ചിനിയർ എ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

വി.ആർ.രാജു
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ(ഇൻ-ചാർജ്ജ്)

ശ്രീ.നിസാറുദ്ദീൻ.എ.എസ്.
വട്ടക്കാവിൽ പുത്തൻവീട്
മാങ്കോട്.പി.ഒ
കലഞ്ഞൂർ
കൊല്ലം

പകർപ്പ് :-1. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ് (ഉപരുപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി, കോഴിക്കോട്
5. ദക്ഷിണമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും